(സി) വേഗത നിയന്ത്രിക്കുന്നതിനുള്ള ഉപകരണം മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാതരം വാഹനങ്ങളിലും ഘടിപ്പിക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ട്.

ലോഫ്ളോർ എ.സി./നോൺ എ.സി. ബസ് സർവ്വീസ് അരുവിക്കര കാച്ചാണി ഭാഗത്തേക്ക് നീട്ടുന്നതിന് നടപടി

146 (596) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിൽ ജെ.എൻ.എൻ.യു.ആർ.എം. പദ്ധതി പ്രകാരം ആരംഭിച്ച ലോഫ്ളോർ എ. സി./നോൺ എ.സി. ബസ് സർവ്വീസ് അരുവിക്കര/കാച്ചാണി ഭാഗത്തേക്ക് നീട്ടുന്നതിന് നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) തിരക്കേറിയ സമയങ്ങളിൽ ഈ പ്രദേശങ്ങളിലേക്കുള്ള ബസ്സുകളിൽ അനുഭവപ്പെടുന്ന തിരക്ക് കെ.എസ്.ആർ.ടി.സി.യുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത് പരിഹരിക്കുന്നതിന് ആ പ്രദേശത്തേക്ക് കൂടുതൽ ബസുകൾ സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രസ്തുത പദ്ധതി പ്രകാരമുള്ള ബസ് സർവ്വീസ് അരുവിക്കര കാച്ചാണി ഭാഗത്തേക്ക് നീട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബസ്സുകൾ ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത ഭാഗത്തേക്കുള്ള സർവ്വീസുകൾ തുടങ്ങുന്നതാണ്.

(ബി) ഓഫീസ് സമയങ്ങളിലും, സ്കൂൾ, കോളേജ് സമയങ്ങളിലും പ്രാദേശികമായിട്ടുള്ള ഉത്സവസമയങ്ങളിലും തിരക്ക് അനുഭവപ്പെടാറുണ്ട്. അത്തരം സന്ദർഭങ്ങളിൽ കെ.എസ്.ആർ.ടി.സി. വേണ്ടത്ര സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യാറുണ്ട്.

(സി) പ്രസ്തുത പ്രദേശത്തേക്ക് ആവശ്യാനുസരണം സർവ്വീസുകൾ ഇപ്പോൾതന്നെ കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തിക്കൊണ്ടിരിക്കുകയാണ്.

ജലഗതാഗത വകുപ്പ് കാര്യക്ഷമമാക്കുന്നതിന് പദ്ധതികൾ

147 (597) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജലഗതാഗത വകുപ്പ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്നറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജലഗതാഗത വകുപ്പിലെ ബോട്ടുകൾക്കും യാത്രക്കാർക്കും പൂർണ്ണമായും ഇൻഷ്വറൻസ് സൗകര്യം ഏർപ്പെടുത്തികഴിഞ്ഞുവോ ; എങ്കിൽ ഇതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) സംസ്ഥാനത്തെ ബോട്ടുജെട്ടികളുടെ നവീകരണത്തിനായി ഇപ്പോൾ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിവരുന്നത് ;

(ഡി) ജലഗതാഗത വകുപ്പിന്റെ കീഴിൽ കൂടുതൽ വിനോദസഞ്ചാര ബോട്ടുകൾ സർവ്വീസ് നടത്താൻ പദ്ധതിയിട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ജലഗതാഗത വകുപ്പ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി 1 കോടി 59 ലക്ഷം രൂപ ചെലവിൽ, കൂടുതൽ ബോട്ടുകൾ ഒരേ സമയം റിപ്പയർ ചെയ്യുക എന്ന ഉദ്ദേശത്തോടെ ആലപ്പുഴ-പോഞ്ഞിക്കരയിൽ ആധുനിക രീതിയിലുള്ള സ്ലിപ്-വേയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. റണ്ണിംഗ് ബോട്ടുകളുടെ അടിയന്തര റിപ്പയർ എളുപ്പം നടത്തുന്നതിനുവേണ്ടി നിലവിലുണ്ടായിരുന്ന സ്ലിപ്-വേ നവീകരിക്കുകയും, ഇലക്ട്രിക് വിഞ്ച് സ്ഥാപിക്കുകയും ചെയ്തു. ഇതുമൂലം ഖലാസികളുടെ സഹായം ഇല്ലാതെ ബോട്ട് കരയ്ക്കുകയറ്റുന്നതിനും, തിരിച്ച് ഇറക്കുന്നതിനും സാധിക്കുന്നു. 21 പുതിയ സ്റ്റീൽ ബോട്ടുകൾ നീറ്റിലിറക്കി പഴയ ബോട്ടുകൾക്ക് പകരമായി സർവ്വീസിന് നൽകുകയും ചെയ്തു. കൂടാതെ 9 പുതിയ ബോട്ടുകളുടെ നിർമ്മാണം പൊതുമേഖലാ സ്ഥാപനമായ സിൽക്കിൽ നടന്നുവരുന്നു. അപ്പർ ഡെക്ക് സൗകര്യമുള്ള ബോട്ട് ഉപയോഗിച്ച് കൊല്ലം-ആലപ്പുഴ ടൂറിസ്റ്റ്-കം-പാസഞ്ചർ സർവ്വീസ് വിജയകരമായി നടത്തിവരുന്നു. ബോട്ട് യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും ബോട്ടുകൾ ട്രാക്ക് ചെയ്യുന്നതിനും എല്ലാ ബോട്ടുകളിലും സ്റ്റേഷൻ ഓഫീസുകളിലും പ്രധാന ഉദ്യോഗസ്ഥൻമാർക്ക് പരസ്പരം സമ്പർക്കം പുലർത്തത്തക്കതരത്തിൽ സി.യു.ജി. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ജലഗതാഗത വകുപ്പിലെ ബോട്ടുകൾക്ക് നിലവിൽ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ല. ബോട്ട് യാത്രക്കാർക്കും ബോട്ട് ജീവനക്കാർക്കും 2010-11 സാമ്പത്തികവർഷം നാഷണൽ ഇൻഷ്വറൻസ് കമ്പനി മുഖേന ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രകാരം ഒരു അപകടത്തിന് പരമാവധി 25 ലക്ഷം രൂപയും ഒരു വർഷത്തക്ക് 1 കോടി രൂപയുമാണ് ഇൻഷ്വർ ചെയ്തിട്ടുള്ളത്. ഒരു വ്യക്തി മരണപ്പെടുകയോ/സ്ഥിരമായി അംഗവൈകല്യം സംഭവിക്കുകയോ ചെയ്താൽ ഒരു ലക്ഷം രൂപയും ഭാഗിക അംഗവൈകല്യത്തിന് 50,000 രൂപയും ലഭിക്കുന്നതാണ്.

(സി) ബോട്ടുജട്ടികളുടെ നവീകരണ പ്രവർത്തനങ്ങളും പുതിയ നിർമ്മാണ പ്രവർത്തനങ്ങളും നടത്തുന്നത് ഇറിഗേഷൻ വകുപ്പാണ്. സംസ്ഥാന ജലഗതാഗത വകുപ്പിന്റെ നിർദ്ദേശാനുസരണം മുപ്പത്തി ഒൻപത് പഴയ

LIBRARY ARCHIVES Kerala Legislative Assembly

ജെട്ടികൾക്കുപകരം പുതിയ ജെട്ടികൾ നിർമ്മിക്കുന്നതിനുള്ള നടപടി നടന്നു വരുന്നു. കൊല്ലം, വൈക്കം സ്റ്റേഷനാഫീസുകൾ പുനർനിർമ്മിക്കുകയും പാണാവള്ളി, മുഹമ്മ സ്റ്റേഷൻ ഓഫീസുകളുടെ നിർമ്മാണം ആരംഭിക്കുകയും ചെയ്തു.

(സി) നിലവിൽ കൊല്ലം-ആലപ്പുഴ റൂട്ടിൽ രണ്ട് വിനോദസഞ്ചാര ബോട്ടുകളാണ് സർവ്വീസ് നടത്തുന്നത്. കൂടാതെ കുട്ടനാടിന്റെ ഭംഗി ആസ്വദിക്കുന്ന തരത്തിൽ 'സീ- കുട്ടനാട്' എന്ന പേരിൽ ഒരു പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസ് നടത്തുന്നതിനുള്ള ബോട്ടുകളുടെ നിർമ്മാണം നടന്നുവരുന്നു.

കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ

148 (598) ശ്രീ. എൻ. ശക്തൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇതിനായി വിവിധ ട്രാൻസ്പോർട്ട് ബസ് സ്റ്റാന്റുകളെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോപ്ലക്സുകളായി മാറ്റുന്നതിന്റെ ആദ്യഘട്ടമായി ഏതൊക്കെ ബസ്സ്റ്റേഷനുകളുടെ നവീകരണ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത് ;

(സി) ഏതൊക്കെ ബസ്ടെർമിനലുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിക്കഴിഞ്ഞു എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ബസ് ടെർമിനലുകളുടെ പണിയുടെ ഒന്നാം ഘട്ട പ്രവർത്തനങ്ങൾ സമയ ബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്തതിനുള്ള കാരണങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ;

(ഇ) ഈ പദ്ധതിയനുസരിച്ച് രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തികരിക്കുമെന്നാണ് കരുതുന്നത് ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വാണിജ്യ പ്രാധാന്യമുള്ള ബസ്സ്റ്റേഷനുകളിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചുവരുന്നു. ഒന്നാംഘട്ടമായി 30 ബസ് സ്റ്റേഷനുകളിലും അനന്തരം രണ്ടാം ഘട്ടമായി 29 ബസ്സ്റ്റേഷനുകളിലും ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ച് പ്രവർത്തിപ്പിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly